ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:31.12.2024**

## പ്രധാനവാർത്തകൾ

1. ശ്രീ നാരായണ ഗുരുദേവന്റെ സന്ദേശങ്ങൾക്ക് സാർവദേശീയവും സാർവകാലികവുമായ പ്രസക്തിയുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

2. അന്തരിച്ച പ്രശസ്ത സാഹിത്യകാരൻ എം.ടി വാസുദേവൻ നായർക്ക് ആദരമർപ്പിക്കാൻ സാംസ്കാരിക വകുപ്പ് സംഘടിപ്പിക്കുന്ന അനുസ്മരണ സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.

3. പുതുവർഷ ആഘോഷങ്ങൾക്ക് ഒരുങ്ങി രാജ്യം. രാജ്യത്തുടനീളം ശക്തമായ സുരക്ഷാ ക്രമീകരണങ്ങൾ. സംസ്ഥാനത്തും സുരക്ഷാ പരിശോധനകൾ കർശനമാക്കി പോലീസ്.

4. വയനാട്-മുണ്ടക്കൈ ദുരന്തം അതിതീവ്ര ദുരന്തമായി പ്രഖ്യാപിച്ച് കേന്ദ്ര സർക്കാർ.

5. യെമനിൽ വധശിക്ഷക്ക് വിധിക്കപ്പെട്ട മലയാളി നഴ്സായ നിമിഷ പ്രിയയ്ക്ക് കേന്ദ്ര സർക്കാർ എല്ലാ സഹായവും നൽകുന്നുണ്ടെന്ന് വിദേശകാര്യ മന്ത്രാലയം.

6. 39-ാമത് ദേശീയ സീനിയർ ഫെൻസിങ് ചാമ്പ്യൻഷിപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി കണ്ണൂരിൽ ഉദ്ഘാടനം ചെയ്തു. സന്തോഷ് ട്രോഫി ഫുട്ബോൾ ഫൈനലിൽ കേരളം ഇന്ന് പശ്ചിമബംഗാളുമായി ഏറ്റുമുട്ടും.

=====================

RNU TVPM

**'സ്പേഡെക്സ്'**

ഉപഗ്രഹങ്ങളെ ബഹിരാകാശത്ത് വച്ച് കൂട്ടി യോജിപ്പിക്കുന്ന, ഐഎസ്ആർഒ യുടെ ഡോക്കിംഗ് ദൗത്യമായ **'സ്പേഡെക്സ്'** വിജയകരമായി വിക്ഷേപിച്ചു. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്നും പിഎസ്എൽവി-സി-60 ഉപയോഗിച്ചായിരുന്നു വിക്ഷേപണം. രണ്ട് ചെറിയ ബഹിരാകാശവാഹനങ്ങൾ ഉപയോഗിച്ച് ഇൻ-സ്പേസ് ഡോക്കിങ് സാങ്കേതികവിദ്യയിലൂടെയാണ് ലക്ഷ്യം പൂർത്തിയാക്കിയത്.

'സ്പേഡെക്സ്' ദൗത്യ ഉപഗ്രഹങ്ങളായ SDX 01 - ചേസർ, SDX 02 ടാർഗറ്റ് എന്നിവയാണ് ഭ്രമണപഥത്തിൽ എത്തിച്ചത്. ഇന്ത്യൻ ഓൺ മൂൺ, ഭാരതീയ അന്തരീക്ഷ് സ്റ്റേഷൻ നിർമ്മാണം തുടങ്ങി ഇന്ത്യയുടെ ഭാവി ബഹിരാകാശ ലക്ഷ്യങ്ങളിലേക്കുള്ള ചുവടുവയ്പ്പ് കൂടിയാണ് ഈ ദൗത്യം.

==============================

**മുഖ്യമന്ത്രി, ശിവഗിരി - (ഇൻട്രോ)**

ശ്രീ നാരായണ ഗുരുദേവന്റെ സന്ദേശങ്ങൾക്ക് സാർവദേശീയവും സാർവകാലികവുമായ പ്രസക്തിയുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. 92-ാമത് ശിവഗിരി തീർത്ഥാടന മഹാമഹത്തോടനുബന്ധിച്ച് നടന്ന തീർത്ഥാടന മഹാ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. ഗുരുദേവ ദർശനങ്ങൾ ലോകമെമ്പാടും എത്താൻ ശ്രമം നടത്തണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

**(ഹോൾഡ് വോയ്സ്........)**

ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് പ്രസിഡന്റ് സച്ചിദാനന്ദ സ്വാമികൾ അധ്യക്ഷത വഹിച്ച ചടങ്ങിൽ പ്രതിപക്ഷ നേതാവ് വി ഡി സതീശൻ, മന്ത്രി വി.എൻ വാസവൻ, എം എൽ എ മാരായ വി ജോയ്, ചാണ്ടി ഉമ്മൻ തുടങ്ങിയവർ പങ്കെടുത്തു.

PNUTVPM

================================

**ഗജേന്ദ്ര സിംഗ് ഷെഖാവത്ത്**

92-ആമത് ശിവഗിരി തീർത്ഥാടന മഹാമഹത്തോടനുബന്ധിച്ച് നടക്കുന്ന കൃഷി- കൈത്തൊഴിൽ വ്യവസായം- ടൂറിസം സമ്മേളനം കേന്ദ്രമന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്ത് ഇന്ന് ഉദ്ഘാടനം ചെയ്യും. ഉച്ചയ്ക്ക് വർക്കല ശിവഗിരിയിൽ നടക്കുന്ന സമ്മേളനത്തിൽ മന്ത്രി പി രാജീവ് അധ്യക്ഷത വഹിക്കും. മുൻ കേന്ദ്ര സഹമന്ത്രി വി മുരളീധരൻ, ജോസ് കെ മാണി എം പി, ഡി കെ മുരളി എം എൽ എ, ബി ജെ പി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ എന്നിവർ വിശിഷ്ടാതിഥികളാകും.

================================

**എം.ടി വാസുദേവൻ നായർ ആദരം- (ഇൻട്രോ)**

അന്തരിച്ച എഴുത്തുകാരനും സംവിധായകനും തിരക്കഥാകൃത്തുമായ എം.ടി വാസുദേവൻ നായർക്ക് സംസ്ഥാന സർക്കാരിന്റെ ആദരം. സാംസ്കാരിക വകുപ്പ് സംഘടിപ്പിക്കുന്ന അനുസ്മരണ സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉദ്ഘാടനം ചെയ്യും.

RNU TVPM

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്...**

**(വോയിസ്......)**

================================

**പുതുവർഷം**

ശുഭ പ്രതീക്ഷയോടെ പുതുവർഷത്തെ വരവേൽക്കാൻ ഒരുങ്ങി ലോകം. 2025 ആദ്യമെത്തുക കിരിബാത്തി ദ്വീപിലാണ്. ഇന്ത്യൻ സമയം ഉച്ചയ്ക്ക് മൂന്നരയ്ക്ക് കിരിബാത്തി ദ്വീപിലാണ് ആദ്യം പുതുവർഷം പിറക്കുക. ലോകത്തിൻറെ വിവിധ ഇടങ്ങളിൽ പുതുവർഷത്തെ വരവേൽക്കാനുള്ള ഒരുക്കങ്ങൾ

പൂർത്തിയായിക്കഴിഞ്ഞു. സംസ്ഥാനത്ത് എല്ലാ ജില്ലകളിലും പുതുവർഷത്തോടനുബന്ധിച്ച് വിവിധ ആഘോഷ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഗോവ, ബംഗളൂർ, മുംബൈ, ഡൽഹി എന്നിവിടങ്ങൾ പുതുവർഷ ആഘോഷങ്ങൾക്ക് തയ്യാറെടുത്തു കഴിഞ്ഞു. തിരുവനന്തപുരത്തെ കോവളം, വർക്കല തുടങ്ങിയ ഇടങ്ങളിൽ പുതുവർഷം ആഘോഷമാക്കാൻ നിരവധി പേരാണ് എത്തുന്നത്. ഫോർട്ട് കൊച്ചി, മൂന്നാർ, കുമരകം എന്നിവിടങ്ങളിലും പുതുവർഷ ആഘോഷങ്ങൾ നടക്കും.

==========================================

**ഗവർണർ - ആശംസ**

ലോകമെമ്പാടുമുള്ള കേരളീയർക്ക് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ പുതുവത്സരാശംസകൾ നേർന്നു. ഐക്യവും സുരക്ഷിതത്വബോധവും ശക്തിപ്പെടുത്തിയും ചിന്തയിലും പ്രവൃത്തിയിലുമുള്ള ഒരുമയിലൂടെയും സംസ്ഥാനം വർദ്ധിച്ച പുരോഗതിയും സമൃദ്ധിയും കൈവരിക്കുന്ന വർഷമാകട്ടെ 2025 എന്ന് ഗവർണർ ആശംസ സന്ദേശത്തിൽ പറഞ്ഞു.

RNU TVPM

==========================================

**പുതുവർഷം- പാപ്പാഞ്ഞി**

മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ്ങിന്റെ നിര്യാണത്തെ തുടർന്ന് നാളെ വരെ ദുഃഖാചരണം പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ പുതുവത്സരത്തോടനുബന്ധിച്ച് ഫോർട്ട് കൊച്ചി പരേഡ് ഗ്രൗണ്ടിൽ പപ്പാഞ്ഞിയെ കത്തിക്കുന്ന ചടങ്ങ് ഇന്ന് അർദ്ധരാത്രി ഉണ്ടാവില്ല. നാളെ നടത്താനിരുന്ന ഫോർട്ട് കൊച്ചി കാർണിവൽ റാലിയും രണ്ടാം തീയതിയിലേക്ക് മാറ്റിയിട്ടുണ്ട്. എന്നാൽ ഹൈക്കോടതി അനുമതി ലഭിച്ചതിനെ തുടർന്ന് ഗാല ഡി കൊച്ചി എന്ന സംഘടനയുടെ നേതൃത്വത്തിൽ ഫോർട്ടുകൊച്ചി വെളി ഗ്രൗണ്ടിൽ ഇന്ന്

അർധരാത്രി പപ്പാഞ്ഞി കത്തിക്കൽ ചടങ്ങ് നടക്കും.
കോടതി നിർദ്ദേശപ്രകാരം ഇവിടെ 70 അടി മാറ്റി ബാരിക്കേടുകൾ സ്ഥാപിച്ചിട്ടുണ്ട്.

==========================================

**ഡൽഹി – പുതുവർഷ ആഘോഷം**

പുതുവർഷ ആഘോഷങ്ങൾക്ക് രാജ്യത്തുടനീളം സുരക്ഷ ശക്തമാക്കി. രാജ്യതലസ്ഥാനമായ ഡൽഹിയിലും വൻ സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കി പോലീസ്. പ്രധാനപ്പെട്ട മാർക്കറ്റുകളിൽ സിസിടിവി ക്യാമറകൾ സജ്ജീകരിക്കുകയും കൂടുതൽ പോലീസ് സേനയെ വിന്യസിക്കുകയും ചെയ്തു. മെട്രോ സ്റ്റേഷനുകളിൽ ട്രെയിനുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. പുതുവത്സരാഘോഷ വേളയിൽ ക്രമസമാധാനവും സ്വൈരജീവിതവും ഉറപ്പാക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കാൻ സംസ്ഥാന പോലീസ് മേധാവി ജില്ലാ പോലീസ് മേധാവിമാർക്ക് നിർദേശം നൽകി. പൊതുഇടങ്ങളിൽ പോലീസ് പട്രോളിങ്ങും നിരീക്ഷണവും കർശനമാക്കും. വിവിധ ജില്ലകളിൽ പുതുവത്സരാഘോഷം നടക്കുന്ന പ്രധാന സ്ഥലങ്ങൾ കേന്ദ്രീകരിച്ച് പരിശോധനകൾ കർശനമാക്കുന്നതിന് സ്പെഷ്യൽ ടീമുകൾ രൂപീകരിക്കാനും നിർദേശിച്ചിട്ടുണ്ട്.

==========================================

**താമരശ്ശേരി ചുരം**

താമരശ്ശേരി ചുരത്തിൽ പുതുവത്സരാഘോഷവുമായി ബന്ധപ്പെട്ട ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ പോലീസ് നിയന്ത്രണം ഏർപ്പെടുത്തി. ചൊവ്വാഴ്ച വൈകീട്ട് മുതൽ പുതുവത്സരദിനമായ

RNUTVPM

ബുധനാഴ്ച പുലർച്ചെ വരെ ചുരംപാതയോരത്ത് വാഹന പാർക്കിങ് പൂർണ്ണമായി നിരോധിച്ചു.

=======================================

**വയനാട് ദുരന്തം**

മുണ്ടക്കൈ ദുരന്തം അതിതീവ്ര ദുരന്തമായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചു. കേരളത്തിന്റെ ആവശ്യം കേന്ദ്രസർക്കാർ അംഗീകരിച്ച് ഉത്തരവിറക്കി. മേപ്പാടിയിലെ ഉരുൾപൊട്ടലിന്റെ തീവ്രതയും വ്യാപ്തിയും കണക്കിലെടുത്ത് 'അതിതീവ്ര ദുരന്ത'മായി കേന്ദ്ര മന്ത്രിതലസംഘം പരിഗണിച്ചിട്ടുണ്ടെന്ന് ആഭ്യന്തര മന്ത്രാലയം അറിയിച്ചു. ഇക്കാര്യം വ്യക്തമാക്കി ആഭ്യന്തര മന്ത്രാലയം ജോയിന്റ് സെക്രട്ടറി ജേഷ് ഗുപ്ത സംസ്ഥാന റവന്യുസെക്രട്ടറി ടിങ്കു ബിസ്വാളിന് കത്തയച്ചു. ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കായി എസ്ഡിആർഎഫിലേക്ക് പണം കൈമാറിയെന്നും കത്തിൽ പറയുന്നു. പുനരധിവാസ പുനർനിർമ്മാണ പ്രവർത്തനങ്ങളിൽ പ്രഖ്യാപനം ഏറെ സഹായകരമാകും.

RNU TVPM

=======================================

**കെ രാജൻ**

വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് കേരളം മുന്നോട്ടുവച്ച മൂന്ന് ആവശ്യങ്ങളിൽ ഒന്നുമാത്രമാണ് കേന്ദ്രം അംഗീകരിച്ചതെന്ന് റവന്യൂ മന്ത്രി കെ രാജൻ. ദുരന്തമുണ്ടായതിന്റെ ആദ്യ ഘട്ടത്തിൽ സംസ്ഥാനം കേന്ദ്രസർക്കാരിന് മുന്നിൽവെച്ച മൂന്ന് ആവശ്യങ്ങളിലൊന്ന് തത്വത്തിൽ അംഗീകരിച്ചുകൊണ്ട് തീരുമാനമെടുത്തുവെന്നാണ് ഇപ്പോൾ അറിയാൻ കഴിഞ്ഞത്. കേന്ദ്രം തീരുമാനമെടുക്കാൻ ഏറെ വൈകിയെന്നും മന്ത്രി പറഞ്ഞു. കേരളം മുന്നോട്ടുവെച്ച ആവശ്യങ്ങളിൽ 153 ദിവസം പിന്നിട്ടതിന് ശേഷമാണ് തീരുമാനമുണ്ടായത് എന്നും അദ്ദേഹം പറഞ്ഞു.

==========================================

## വിവാദ് സേ വിശ്വാസ്

വിവാദ് സേ വിശ്വാസ് പദ്ധതിയുടെ സമയപരിധി അടുത്തമാസം 31 വരെയായി ദീർഘിപ്പിച്ചു. സ്കീമിൽ വ്യക്തമാക്കിയ പ്രകാരം അടയ്ക്കേണ്ട തുക നിർണ്ണയിക്കാൻ നികുതിദായകർക്ക് അധിക സമയം സഹായകമാകും.

==========================================

## ഉമ തോമസ്

കൊച്ചി കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ വച്ച് ഗുരുതര പരിക്കേറ്റ ഉമ തോമസ് എംഎൽഎ യുടെ ആരോഗ്യസ്ഥിതിയിൽ പുരോഗതി ഉണ്ടെന്നും എന്നാൽ എം.എൽ.എ അപകടനില തരണം ചെയ്തിട്ടില്ലെന്നും ഡോക്ടർമാർ അറിയിച്ചു. ശ്വാസകോശത്തിലെ അണുബാധ കുറയാൻ കൂടുതൽ സമയം ആവശ്യമാണെന്നും, സെഡേഷൻ ക്രമാനുഗതമായി കുറച്ചുകൊണ്ടുവരുമെന്നും ഡോക്ടർമാർ പറഞ്ഞു. എം എൽ എ യുടെ ചികിത്സക്കായി ഗവൺമെന്റ് നിയോഗിച്ച ഡോക്ടർമാരുടെ സംഘവും ഇപ്പോൾ നടക്കുന്ന ചികിത്സ തുടരാനാണ് നിർദ്ദേശിച്ചത് എന്ന് ഡോക്ടർ അറിയിച്ചു.

PNU TVPM

==========================================

## കലൂർ അപകടം

കൊച്ചിയിൽ ഉമാ തോമസ് എം എൽ എ യ്ക്ക് അപകടം ഉണ്ടായ സംഭവത്തിൽ, പരിപാടി നടത്തിയ ഇവൻറ് മാനേജ്മെന്റ് കമ്പനി ഉടമ കൃഷ്ണകുമാറിനെ പോലീസ് അറസ്റ്റ് ചെയ്തു. അപകടത്തിന്റെ പശ്ചാത്തലത്തിൽ സംഘാടകരായ മൃദംഗ വിഷൻ എം.ഡി നിഗോഷ് കുമാർ മുൻകൂർ ജാമ്യം തേടി ഹൈക്കോടതിയെ സമീപിച്ചു. സംഘാടകരെ ചോദ്യം ചെയ്യുമെന്നും ഇവരിൽ നിന്നും വീഴ്ച ഉണ്ടായതായും കൊച്ചി സിറ്റി പോലീസ് കമ്മീഷണർ പറഞ്ഞു. അതിനിടെ, സ്പീക്കർ എ.എൻ ഷംസീർ വെന്റിലേറ്ററിൽ

ചികിത്സയിൽ തുടരുന്ന ഉമാ തോമസ് എം.എൽ.എ യെ സന്ദർശിച്ചു. ഏറ്റവും മികച്ച ചികിത്സ ഉറപ്പുവരുത്തണമെന്ന് അദ്ദേഹം ആരോഗ്യവിദഗ്ധരോട് നിർദ്ദേശിച്ചു.

==========================================

**ഫെൻസിങ് ചാമ്പ്യൻഷിപ്പ്**

39-ാമത് ദേശീയ സീനിയർ ഫെൻസിങ് ചാമ്പ്യൻഷിപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി കണ്ണൂരിൽ ഉദ്ഘാടനം ചെയ്തു. രാജ്യത്തിന് അഭിമാനമായി മാറുന്ന കായിക താരങ്ങൾ വളർന്നു വരട്ടെ എന്ന് മന്ത്രി ആശംസിച്ചു. കേരള സ്പോർട്സ് കൗൺസിലിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന ചാമ്പ്യൻഷിപ്പിൽ 26 സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും സർവ്വീസസിൻറെയും ടീമുകൾ ഉൾപ്പെടെ 700-ഓളം കായിക താരങ്ങൾ പങ്കെടുക്കുന്നുണ്ട്.

RNU TVPM

==========================================

**സന്തോഷ് ട്രോഫി (ഇൻട്രോ)**

സന്തോഷ് ട്രോഫി ഫുട്ബോൾ ടൂർണമെന്റ് ഫൈനലിൽ കേരളം ഇന്ന് പശ്ചിമ ബംഗാളുമായി ഏറ്റുമുട്ടും. രാത്രി 7.30-ന് ഹൈദ്രാബാദിലെ GMC ബാലയോഗി സ്റ്റേഡിയത്തിലാണ് മത്സരം.

**ആകാശവാണി പ്രതിനിധി സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട്.....**

**(ഹോൾഡ് വോയ്സ്.....)**

==========================================

**ചെസ്**

ന്യൂയോർക്കിൽ നടന്ന ഈ വർഷത്തെ ഫിഡെ വേൾഡ് ബ്ലിറ്റ്സ് ചെസ്സ് ചാമ്പ്യൻഷിപ്പിന്റെ വനിതാ വിഭാഗത്തിൽ

ഇന്ത്യൻ ഗ്രാൻഡ്മാസ്റ്ററായ വൈശാലി രമേഷ്ബാബു, ഒന്നാം സ്ഥാനത്ത് ഫിനിഷ് ചെയ്ത് നോക്കൗട്ട് ഘട്ടത്തിലേക്ക് യോഗ്യത

നേടി. പതിനൊന്ന് റൗണ്ടുകളിൽ നിന്നും 9.5 പോയിന്റുകളാണ് വൈശാലി നേടിയത്.

==========================================

## ശബരിമല

ശബരിമലയിൽ വൻ ഭക്തജനത്തിരക്ക്. മകരവിളക്ക് മഹോത്സവത്തിനായി ഇന്നലെ വൈകുന്നേരമാണ് നട തുറന്നത്. പമ്പയിലെ തത്സമയ ബുക്കിങ് കൗണ്ടറിലും വലിയ തിരക്കാണ് അനുഭവപ്പെട്ടത്. മകരവിളക്കിന് അയ്യപ്പ വിഗ്രഹത്തിൽ ചാർത്തുന്നതിരുവാഭരണങ്ങളും വഹിച്ചുള്ള ഘോഷയാത്ര ജനുവരി 12 ന് പന്തളത്തുനിന്നു പുറപ്പെടും. 14-ന് നടക്കുന്ന മകരവിളക്കിനോട് അനുബന്ധിച്ചുള്ള തിരക്ക് നിയന്ത്രണത്തിന്റെ ഭാഗമായി 13, 14 തീയതികളിൽ തീർഥാടകരുടെ എണ്ണം പരിമിതപ്പെടുത്തും. പൂജകൾ പൂർത്തിയാക്കി 20-ന് നട അടയ്ക്കും.

==========================================

## ഹജ്ജ്

ഹജ്ജിന് തിരഞ്ഞെടുക്കപ്പെട്ട് രേഖകൾ സമർപ്പിച്ചവർ രണ്ടാം ഗഡു തുകയായ **ഒരു ലക്ഷത്തി 42,000** രൂപ അടയ്ക്കുവാനുള്ള സമയം 2025 ജനുവരി ആറ് വരെ നീട്ടിയതായി കേന്ദ്ര ഹജ്ജ് കമ്മിറ്റി സർക്കുലർ നമ്പർ 21 പ്രകാരം അറിയിച്ചു.

==========================================

==========================================

==========================================

RNU TVPM